(ബി) എൻ.ടി.പി.സിയുടെ അഭ്യർത്ഥന ഉൾക്കൊള്ളുന്ന കത്തുകളുടെ പകർപ്പ് അനുബന്ധം 1-ൽ വച്ചിട്ടുണ്ട്.†

(സി) കെ.എസ്.ഇ.ബിയുടെ മറുപടി കത്തിന്റെ പകർപ്പ് അനുബന്ധം 11-ൽ കാണാവുന്നതാണ്.†

(ഡി) കായംകുളത്ത് ഉൽപാദിപ്പിക്കുന്ന വൈദ്യുതിയുടെ ഉൽപാദന വില കേന്ദ്ര താരിഫ് റെഗുലേറ്ററി കമ്മിഷന്റെ തീരുമാനത്തിന് വിധേയമാണ്. തീരുമാനം ആയിട്ടില്ല.

141 (1685) ഡീസൽ നിലയത്തിന്റെ കരാറിലെ വിദേശ നാണ്യ നിരക്ക്

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :

ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഡീസൽ നിലയത്തിന്റെ കരാറിലെ വിദേശ നാണ്യനിരക്ക് ഡോളറിന് പകരം ഫിനിഷ് മാർക്ക് ആക്കിയതിന്റെ കാരണം എന്താണ്;

(ബി) ഇതുകൊണ്ട് വൈദ്യുത ബോർഡിന് ഉണ്ടായ സാമ്പത്തിക നേട്ടം എത്രയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഡോളറിന്റെ വിനിമയ നിരക്കിൽ സാരമായ വർദ്ധന ഉണ്ടാകുന്നതുകൊണ്ട് ഫിനിഷ്മാർട്ട് കൂടുതൽ ഗുണകരമാണെന്ന് മനസ്സിലാക്കിയാണ് വിദേശ നാണ്യനിരക്ക് ഫിനിഷ്മാർക്ക് ആക്കിയത് എന്നാണ് ബോർഡ് അറിയിച്ചിട്ടുള്ളത്.

(ബി) പദ്ധതിയുടെ പൂർത്തീകരണത്തിന് ശേഷമേ സാമ്പത്തിക നേട്ടം കണക്കാക്കാനാവൂ.

142 (1686) സ്വകാര്യ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് അനുമതി

ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്വകാര്യ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ആർക്കെല്ലാമാണ്; എവിടെയെല്ലാമാണ്;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(സി) കേരളത്തിൽ ഇപ്പോൾ എവിടെയെല്ലാം സ്വകാര്യ വ്യക്തികൾ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നുണ്ട്; എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഇതിൽ നിന്നും ഉൽപാദിപ്പിക്കുന്നത്;

(ഡി) വെള്ളത്തിൽ നിന്നും കടലിലെ തിരമാലകളിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള സ്വകാര്യ വ്യക്തികളുടെ അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണ്?

ഉത്തരം

(എ)&(ബി) മുൻ സർക്കാരിന്റെ കാലത്ത് എം.ഒ.യു റൂട്ടുവഴിയും സീഡ് റൂട്ടുവഴിയും തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള താഴെപ്പറയുന്ന വൈദ്യുത നിലയങ്ങൾ സ്ഥാപിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. ബി.എസ്.ഇ.എസ് കേരള പവർ ലിമിറ്റഡ്-കൊച്ചി
2. ഡി.സി പവർ ലിമിറ്റഡ് - കാസർഗോഡ്
3. കാസർഗോഡ് പവർ കോർപ്പറേഷൻ ലിമിറ്റഡ് - കാസർഗോഡ്
4. കണ്ണൂർ പവർ പ്രോജക്ട് പ്രൈവറ്റ് ലിമിറ്റഡ്-കണ്ണൂർ
5. സിയാസിൻ എനർജി ലിമിറ്റഡ് - വൈപ്പിൻ

ഇതുകൂടാതെ താഴെപ്പറയുന്ന നാല് ചെറുകിട ജലവൈദ്യുത പദ്ധതികളും സ്വകാര്യ മേഖലയിൽ ആരംഭിക്കുന്നതിനുവേണ്ടി പ്രാഥമിക കരാർ ഒപ്പുവച്ച് നടപടികൾ നടന്നുവരുന്നു.

1. പുന്നപ്പുഴ-ഫോസ്ഫറസ് കെമിക്കൽസ് ട്രാവൻകൂർ ലിമിറ്റഡ്-വയനാട്
2. കാന്തൻപ്പാറ-പ്രൈമ ആഗ്രോ പ്രോഡക്ട്സ് ലിമിറ്റഡ്-വയനാട്
3. തൂവൽ-പ്രൈമ ആഗ്രോ പ്രോഡക്ട്സ് ലിമിറ്റഡ് - ഇടുക്കി
4. കിഷുമം - കിംഗ്സ് ഇന്റർനാഷണൽ ലിമിറ്റഡ് - പത്തനംതിട്ട

(സി) സ്വകാര്യ വ്യക്തികൾ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നില്ല.

(ഡി) 34 ചെറുകിട ജലവൈദ്യുത പദ്ധതികൾ സ്വകാര്യമേഖല/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ/സഹകരണ സ്ഥാപനങ്ങൾ എന്നിവ മുഖേന നടപ്പിലാക്കുന്നതിന് പത്രപരസ്യത്തിലൂടെ അപേക്ഷ സ്വീകരിച്ച് അപേക്ഷകളിന്മേൽ വിശദ പഠനം നടന്നുവരുന്നു. തിരമാലയിൽ നിന്നും വൈദ്യുതി ഉൽപ്പാദനത്തിന് അപേക്ഷകളൊന്നും ലഭിച്ചിട്ടില്ല.

143 (1687) വൈദ്യുതി ഉൽപ്പാദനം

ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ ലഭ്യമാകുന്ന വൈദ്യുതി എത്ര ദശലക്ഷം യൂണിറ്റാണ്; വൈദ്യുതി ബോർഡിന് വിൽക്കാൻ കഴിയുന്നത് എത്ര ദശലക്ഷം യൂണിറ്റാണ്; വിശദീകരിക്കുമോ;

(ബി) പ്രസരണ നഷ്ടം എത്രയാണ്; ഇതുമൂലം ബോർഡിന്റെ നഷ്ടം എത്രകോടി രൂപയാണെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly